# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.923 03.12.2014-ൽ മറുപടിക്ക്**

## മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം

| ചോദ്യം<br>ശ്രീ.പി.റ്റി.എ. റഹീം | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പമ്പിംഗ് സംവിധാനങ്ങൾ പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഇപ്പോൾ നിലവിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ മാവൂരിലെ കൂളിമാട് പമ്പിംഗ് സ്റ്റേഷൻ, ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. ഈ സംവിധാനം കോഴിക്കോട് പദ്ധതിക്ക് മാത്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | 20489/B1/2014/WRD ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | 25.10.2014 ലെ 20489/ബി1/14 /ജവിവ നമ്പർ കത്ത് പ്രകാരം കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾ പ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ